ഓരോ വർഷവും ഉണ്ടായിട്ടുള്ള പ്രസരണ വിതരണ നഷ്ടത്തിന്റെ വിശദാംശങ്ങൾ പട്ടിക-1 ൽ കൊടുത്തിരിക്കുന്നു.*

പട്ടിക 1

വർഷം	സംസ്ഥാനത്തിന്റെ ആവശ്യത്തിന് ഉൽപ്പാദിപ്പിച്ചതും വാങ്ങിയതുമായ വൈദ്യുതി (ദശലക്ഷം യൂണിറ്റിൽ)	വൈദ്യുതി വിൽപ്പന (ദശലക്ഷം യൂണിറ്റിൽ)	ദശലക്ഷം യൂണിറ്റിൽ	ശതമാനത്തിൽ	തുക കോടി രൂപയിൽ (യൂണിറ്റിന് 3.50 രൂപ നിരക്കിൽ
2011-12	18946.29	15980.50	2965.79	15.65	1038.02
2012-13	19879.20	16838.24	3040.96	15.30	1064.34
2013-14	20525.25	17454.05	3071.20	14.96	1074.9
2014-15	21721.72	18533.13	3188.59	14.67	1116.00

വൈദ്യുതി ഭേദഗതി ബിൽ

5 (350) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ഭേദഗതി ബിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ബില്ലിലെ വ്യവസ്ഥകളോട് യോജിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ബില്ലിലെ ഏതെല്ലാം വ്യവസ്ഥകൾ കെ.എസ്.ഇ.ബി.-യെ പ്രതികൂലമായി ബാധിക്കും ഈ പ്രതിസന്ധി തരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഇലക്ട്രിസിറ്റി ആക്ട്, 2003 ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ വൈദ്യുതി ഭേദഗതി കരട് ബിൽ 2013 ഒക്ടോബർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

17-ാം തീയതി കേന്ദ്രഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് വിജ്ഞാപനത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ് :

1. വൈദ്യുതി വിതരണ മേഖല വിഭജിച്ച് വിതരണ ലൈനുകളുടെ ചുമതലയുള്ള വിതരണ കമ്പനിയും വൈദ്യുതി വാങ്ങി വിതരണ കമ്പനിയുടെ ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളണമെന്ന് ടി കരട് ബിൽ നിർദ്ദേശിക്കുന്നു.

2. വൈദ്യുതി വാങ്ങി വിൽപ്പന നടത്തുന്നതിന് ഓരോ പ്രദേശത്തും ഒന്നിലധികം സപ്ലൈ കമ്പനികൾ ഉണ്ടാകുമെന്നും ടി കരട് ബിൽ പ്രതിപാദിക്കുന്നു.

3. ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലൈ കമ്പനികളിൽനിന്നും വൈദ്യുതി വാങ്ങാൻ അവസരം നൽകുമെന്നും ഇത് മത്സരം സൃഷ്ടിക്കാനും മെച്ചപ്പെട്ട സേവനം നൽകാനും അവസരം ഒരുക്കുമെന്നും ടി ബിൽ നിർദ്ദേശിക്കുന്നു.

4. കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉത്പാദകർ, മറ്റ് എല്ലാ ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

5. റിന്യൂവബിൾ എനർജി ഉത്പാദകരിൽ നിന്നുള്ള ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ടി കരട് വിജ്ഞാപനം നിർദ്ദേശിക്കുന്നു.

ടി കരട് ബില്ലിലെ ചില ഭേദഗതികൾ സംസ്ഥാന വൈദ്യുതി ബോർഡിനും സംസ്ഥാനത്തിലെ ജനങ്ങൾക്കും ദോഷകരമാണെന്ന് വൈദ്യുതി ബോർഡ് വിലയിരുത്തിയിട്ടുണ്ട്. ടി കരട് വിജ്ഞാപനത്തിന്മേലുള്ള കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഒരു പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. *

കരട് ബില്ലിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ ടി വിജ്ഞാപനം വരുന്ന മൂന്ന് വർഷത്തിനുള്ളിൽ വിതരണ ലൈസൻസികളിൽ നിന്ന് സപ്ലൈ ആക്കിവിറ്റി മാറ്റേണ്ടതും വിതരണ ലൈസൻസികളുടെ ഉത്തരവാദിത്വം വൈദ്യുതി ശൃംഖലകൾ ഉണ്ടാക്കുന്നതിലും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും മാത്രമായി മാറുന്നതാണ്. കൂടാതെ ഇത്തരം വൈദ്യുതി ശൃംഖലകളിൽക്കൂടി സപ്ലൈ ലൈസൻസികൾക്ക് വൈദ്യുതി കടത്തി ഉപഭോക്താവിന് വിൽക്കുന്നതിന് അനുവാദം നൽകേണ്ടതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉപഭോക്താവിന് എത്തിക്കുന്നതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം സപ്ലൈ ലൈസൻസികളിൽ മാത്രം നിക്ഷിപ്തമാവുകയും ചെയ്യും. എന്നാൽ ഏതെങ്കിലും വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസികൾ വരാത്തപക്ഷം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തന്നെയായിരിക്കും അവരുടെ ഇൻക്യൂംബന്റ് സപ്ലൈ ലൈസൻസി അഥവാ ഡിസ്ട്രിബ്യൂഷൻ ലൈസൻസികളായിരിക്കും ആ വിഭാഗം ഉപഭോക്താക്കൾക്ക് സപ്ലൈ നൽകുന്നതിന് ബാധ്യതപ്പെട്ടിരിക്കുന്നത്.

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിന്റെ 50 ശതമാനത്തോളം ഉപയോഗം ഗാർഹിക ഉപഭോക്താക്കളാണ്. ഈ ഉപഭോക്താക്കൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിവരുന്നു. ഇത്തരം കുറഞ്ഞ വൈദ്യുതി നിരക്ക് ഒരു പരിധിവരെ നിലവിൽ കോമ്പൻസേറ്റ് ചെയ്യുന്നത് വാണിജ്യ ഉപഭോക്താക്കളിൽ നിന്നുള്ള ക്രോസ് സബ്സിഡി മുഖേനയാണ്. ഈ കാരണത്താൽ തന്നെ ഏതെങ്കിലും പ്രത്യേക ഉപഭോക്താക്കൾക്ക് മാത്രം സപ്ലൈ ലൈസൻസികൾ അനുവദിക്കുന്നതും ക്രോസ് സബ്സിഡി എടുത്ത് കളയുന്നതും കെ.എസ്.ഇ.ബി.യെ പ്രതികൂലമായി ബാധിക്കും. കൂടാതെ കാലാകാലങ്ങളായി പൊതുജനാവ് ഉപയോഗിച്ച് വിപുലപ്പെടുത്തിയിട്ടുള്ള വൈദ്യുതി വിതരണ ശൃംഖല ചില വിഭാഗം ഉപഭോക്താക്കൾക്ക് മാത്രമായി ലൈസൻസ് അനുവദിക്കുന്നതിനുള്ള അനൗചിത്യവും വിലയിരുത്തിയിട്ടുണ്ട്.

ഈ കാരണത്താൽ വിശദമായ പഠനങ്ങൾക്കുശേഷവും സംസ്ഥാനത്തെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന ഉപഭോക്താക്കളെ ബാധിക്കാത്ത തരത്തിലും സംസ്ഥാനത്തിന്റെ പ്രത്യേക സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാത്രമേ സംസ്ഥാനത്ത് ഈ കരട് നിർദ്ദേശങ്ങൾ അനുവദിക്കാവൂ എന്ന് കെ.എസി.ഇ.ബി. കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

വൈദ്യുതി, ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയമായതു കൊണ്ടുതന്നെ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിച്ച് മാത്രമേ ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുകയുള്ളൂ.

ഷോക്കേറ്റ് മരണം

6 (351) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :